പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 220 **28-10-2026-ൽ മറുപടിയ്ക്ക്**

വനാശ്രിത ജനവിഭാഗങ്ങളുടെ ക്ഷേമപദ്ധതികളും വനവികസന പദ്ധതികളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. എം. ശശി

ശ്രീ. വി. കെ. സനോജ്

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. എം. വിജിൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

(എ) വനത്തിനകത്ത് താമസിക്കുന്നവരെ സ്വയം സന്നദ്ധതയോടെ മാറ്റിത്താമസിപ്പിക്കാൻ മുൻ സർക്കാർ ആവിഷ്കരിച്ച നവകിരണം പദ്ധതിയുടെ നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

മറുപടി: വനത്തിനുള്ളിലെ മനുഷ്യവാസ മേഖലകളിൽ നിന്നും സ്വയംസന്നദ്ധമായി ആദിവാസി ഇതര വിഭാഗത്തിൽ വരുന്നവരുടെ പുനരധിവാസത്തിനായുള്ള പദ്ധതി ആർ.കെ. ഡി.പി, കിഫ്ബി എന്നിവയുടെ സാമ്പത്തിക സഹായത്തോടെ 'നവകിരണം' എന്ന പേരിലാണ് വനം-വന്യജീവി വകുപ്പ് നടപ്പിലാക്കി വന്നിരുന്നത്. ആർ.കെ.ഡി.പി പദ്ധതിയുടെ DPR 2019 ലും, കിഫ്ബി പദ്ധതിയുടെ DPR 2024 ലുമാണ് അംഗീകരിച്ചിട്ടുള്ളത്.

(ബി) വനാശ്രിത ഗോത്ര വിഭാഗങ്ങളിലെ വിദ്യാർഥിനികൾക്കായി ആരംഭിച്ച സൃഷ്ടി സ്കോളർഷിപ്പ്, ഗോത്രസമൂഹത്തിന്റെ അറിവുകൾ ശേഖരിക്കുന്ന ഗോത്രഭേരി, പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്ന നറും നൂറ് എന്നീ പദ്ധതികൾ നിലവിലെ സർക്കാർ തുടരുന്നുണ്ടോയെന്ന് വിശദമാക്കാമോ;

മറുപടി: ഉണ്ട്.

സൃഷ്ടി പദ്ധതിയിലൂടെ നാളിതുവരെ 7വിദ്യാർഥിനികൾക്ക് സ്കോളർഷിപ് നൽകിയിട്ടുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണങ്ങൾക്കായി ഗോത്രസമൂഹങ്ങൾ പരമ്പരാഗതമായി പ്രയോഗിച്ച വന്ന അറിവുകൾ 'ഗോത്രഭേരി' എന്ന പരിപാടിയിലൂടെ കേരളത്തിലെ വിവിധ ഗോത്രവർഗ്ഗക്കാരിൽ നിന്നും ശേഖരിച്ചിട്ടുള്ളതാണ്. ഇത്തരം അറിവുകൾ വിവിധ വനമേഖലകളിൽ പരീക്ഷിച്ചു വരുന്നു.

കേരളത്തിൽ അന്യം നിന്നു പോയ കിഴങ്ങ് വർഗ്ഗങ്ങൾ പുനരുജ്ജീവിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി മറയൂർ സാൻഡൽ ഡിവിഷനിൽ ആരംഭിച്ച പദ്ധതിയാണ് നറും നൂറ് .

(സി) മുൻ സർക്കാർ ആരംഭിച്ച കോട്ടൂർ ആന പുനരധിവാസ കേന്ദ്രം, തൃശ്ശൂർ സുവോളജിക്കൽ പാർക്ക് തുടങ്ങിയ ബൃഹത്തായ പദ്ധതികളുടെ നിർമ്മാണത്തുടർച്ച ഉറപ്പാക്കാൻ നിലവിലുള്ള സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

മറുപടി: കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിൽ 50 ആനകളെ പാർപ്പിക്കുന്നതിനുള്ള സൗകര്യങ്ങളും സന്ദർശകർക്കുള്ള സൗകര്യങ്ങളും നിർമ്മിച്ചിട്ടുണ്ട്. ആനകൾക്കായുള്ള എൻക്ലോഷറുകളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. സന്ദർശകർക്കായി എൻട്രൻസ് പ്ലാസ, കഫറ്റേരിയ, ടോയിലെറ്റ് ബ്ലോക്ക്, പാർക്കിംഗ് സ്ഥലങ്ങൾ, മൃഗാശുപത്രി, പാപ്പാൻമാർക്കും വനപാലകർക്കും മൃഗ ഡോക്ടർമാർക്കും മറ്റുമുള്ള താമസ സൗകര്യങ്ങൾ, ചരിത്ര മ്യൂസിയം, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, ക്വാറന്റൈൻ കേന്ദ്രങ്ങൾ, ആനകൾക്കായി പ്രത്യേകം രൂപകല്പന ചെയ്ത ചുറ്റുമതിലുകൾ തുടങ്ങിയവയാണ് ഇതുവരെ നിർമ്മിച്ചിട്ടുള്ള സൗകര്യങ്ങൾ. ആന പുനരധിവാസ കേന്ദ്രത്തിലേക്ക് സന്ദർശകർ എത്തുന്ന കാവടിമൂല മുതൽ കോട്ടൂർ ഇ.ആർ. സി. വരെ 1.7 കി.മീ. ദൈർഘ്യമുള്ള പഞ്ചായത്ത്റോഡ് പ്രോജക്ടിന്റെ ഭാഗമായി ആധുനിക രീതിയിൽ ഉന്നത ഗുണനിലവാരത്തോടെ പുനർനിർമ്മിച്ചിട്ടുണ്ട്.

തൃശ്ശൂർ സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പാക്കുന്നതിനും പാർക്കിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടു പോകുന്നതിനും സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനും സന്ദർശക സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ സുവോളജിക്കൽ പാർക്ക് കൺസർവേഷൻ ആൻഡ് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനുള്ള ഓപ്പറേഷൻ മാന്വൽ അന്തിമഘട്ടത്തിലാണ്. സന്ദർശകർക്ക് കുടിവെള്ളം,ഇരിപ്പിടങ്ങൾ, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിക്കുന്നതിനും പാർക്കിന്റെ തുടർ വികസനം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. പാർക്കിനകത്ത് സന്ദർശകരുടെ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനായി SBI യുടെ CSR ഫണ്ട് മുഖേന 2 ഇലക്ട്രിക് ബസ്സുകൾ കൂടി ലഭ്യമാക്കിയിട്ടുണ്ട് .

(ഡി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനാശ്രിത ജനതയുടെ ക്ഷേമത്തിനായി നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി പുതുതായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മറുപടി: സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി വനാതിർത്തി പ്രദേശങ്ങളിൽ സ്വകാര്യ ഭൂമിക്ക് NOC നൽകുന്നതിനുള്ള സോഫ്റ്റ് വെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് . പൊതുജനങ്ങൾക്ക് വന്യമൃഗങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയാനും പരാതികൾ നൽകാനും രക്ഷാപ്രവർത്തനങ്ങൾക്ക് സഹായം അഭ്യർത്ഥിക്കാനും ഒരൊറ്റ ടെലഫോൺനമ്പരിലൂടെ സൗകര്യം ഒരുക്കുന്ന കോൾ സെന്റർ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. വനാശ്രിത സമൂഹത്തിൽ നിന്നുമുള്ളവരെ ഉൾപ്പെത്തി സ്പെഷ്യൽ റിസർവ് ഫോഴ്സുകൾ രൂപികരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ